# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:09.10.2025**

### പ്രധാനവാർത്തകൾ

1.) പ്രധാനമന്ത്രി നരേന്ദ്ര മോദിയും യു.കെ പ്രധാനമന്ത്രി കിയർ സ്റ്റാമറും ഇന്ന് മുംബൈയിൽ കൂടിക്കാഴ്ച നടത്തി.

2.) ശബരിമല സ്വർണപാളി വിഷയത്തിൽ നിയമസഭ ഇന്നും പ്രക്ഷുബ്ധം. പ്രതിപക്ഷം സഭ ബഹിഷ്കരിച്ചു.

3.) പ്രധാനമന്ത്രി നരേന്ദ്രമോദി, കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ എന്നിവരുമായി കൂടിക്കാഴ്ച നടത്താൻ മുഖ്യമന്ത്രി പിണറായി വിജയൻ ഡൽഹിയിലെത്തി.

4.) കാൻസർ ചികിത്സക്കായി യാത്ര ചെയ്യുന്ന രോഗികൾക്ക് കെ.എസ്.ആർ.ടി.സി ബസ്സുകളിൽ യാത്ര സൗജന്യമായിരിക്കുമെന്ന് മന്ത്രി കെ.ബി ഗണേഷ്കുമാർ.

5.) തിരുവനന്തപുരം ജില്ലയിൽ രണ്ട് പേർക്ക് കൂടി അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ച സാഹചര്യത്തിൽ ജാഗ്രത കർശനമാക്കി ആരോഗ്യവകുപ്പ്.

6.) ഐ.സി.സി വനിതാ ഏകദിന ക്രിക്കറ്റ് ലോകകപ്പിൽ, ഇന്ത്യ ഇന്ന് ദക്ഷിണാഫ്രിക്കയെ നേരിടും.

****************************************************************

RNU TVPM

## രാഷ്ട്രപതി സന്ദർശനം

രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് മുതൽ ശനിയാഴ്ച വരെ ഗുജറാത്ത് സന്ദർശിക്കും. ഇന്ന് രാജ്കോട്ടിലെത്തുന്ന ശ്രീമതി മുർമു നാളെ സോമനാഥ് ക്ഷേത്രത്തിൽ ദർശനം നടത്തും. തുടർന്ന് ഗിർ ദേശീയോദ്യാനം സന്ദർശിക്കുകയും സാസൻ ഗിറിലെ പ്രാദേശിക ആദിവാസി സമൂഹവുമായി സംവദിക്കുകയും ചെയ്യും.

************************************************************

## പ്രധാനമന്ത്രി - യു.കെ

പ്രധാനമന്ത്രി നരേന്ദ്ര മോദിയും യു.കെ പ്രധാനമന്ത്രി കിയർ സ്റ്റാമറും ഇന്ന് മുംബൈയിൽ കൂടിക്കാഴ്ച നടത്തി. 'വിഷൻ 2035' ന് അനുസൃതമായി ഇന്ത്യ-യു.കെ സമഗ്ര തന്ത്രപരമായ പങ്കാളിത്തം സംബന്ധിച്ചുള്ള ചർച്ച പ്രധാനമന്ത്രിമാരുടെ നേതൃത്വത്തിൽ നടന്നു. സമഗ്ര വ്യാവസായിക- സാമ്പത്തിക കരാർ ഇരു രാജ്യങ്ങളും തമ്മിലെ ബന്ധം ശക്തിപ്പെടുത്തുമെന്ന് പ്രധാനമന്ത്രിമാർ സംയുക്ത വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ഇന്ന് മുംബൈയിൽ നടക്കുന്ന ആറാമത് ഗ്ലോബൽ ഫിൻടെക് ഫെസ്റ്റിൽ പങ്കെടുക്കുന്ന ഇരു പ്രധാനമന്ത്രിമാരും സമഗ്ര സാമ്പത്തിക, വ്യാപാര കരാർ നൽകുന്ന അവസരങ്ങളെക്കുറിച്ച് വ്യവസായികളുമായി സംവദിക്കും.

************************************************************

RNUTVPM

## <u>നിയമസഭ (ഇൻട്രോ)</u>

ശബരിമല സ്വർണപാളി വിഷയത്തിൽ തുടർച്ചയായ നാലാം ദിവസവും നിയമസഭയിൽ പ്രതിപക്ഷ പ്രതിഷേധം. പ്രക്ഷുബ്ധ രംഗങ്ങൾക്കിടെ നിയമസഭാ ചീഫ് മാർഷലിനു പരുക്കേറ്റു.

കൂടുതൽ വിവരങ്ങളുമായി നിയമസഭയിൽ നിന്ന് ആകാശവാണി ലേഖകൻ **സ്മിതി എം പള്ളുരുത്തി.**

(വോയിസ്)

************************************************************

## <u>പി.പ്രസാദ്- ചോദ്യോത്തരം</u>

കർഷകർക്കും കർഷക തൊഴിലാളികൾക്കും ആധുനിക കൃഷി രീതികളിൽ പ്രാവീണ്യം ഉറപ്പാക്കുന്നതിന് സർക്കാർ പ്രാധാന്യം നൽകുന്നുണ്ടെന്ന് മന്ത്രി പി പ്രസാദ് നിയമസഭയിൽ പറഞ്ഞു. 2021 ൽ കാർഷിക മേഖലയിൽ സർക്കാർ നടപ്പിലാക്കിയ വിവിധ പദ്ധതികളിലൂടെ കർഷകരുടെ മാസ വരുമാനത്തിൽ 61.79 ശതമാനം വർധനവാണ് ഉണ്ടായതെന്നും മന്ത്രി വ്യക്തമാക്കി.

PNU TVPM

************************************************************

## <u>ആർ.ബിന്ദു - ചോദ്യോത്തരം</u>

കഴിഞ്ഞ നാലു വർഷത്തിനിടെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ 6,000 കോടി രൂപ വിന്യസിച്ചു

സംസ്ഥാനത്തെ സർവ്വകലാശാലകളിൽ ഏറ്റവും മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ടെന്ന് മന്ത്രി ആർ ബിന്ദു. ഇതര സംസ്ഥാനങ്ങളിലെയും വിദേശ രാജ്യങ്ങളിലെയും കൂടുതൽ വിദ്യാർത്ഥികൾ കേരളത്തിലേക്ക് വരുന്നതിന് ആവശ്യമായ

അടിസ്ഥാന സൗകര്യ വികസനങ്ങൾ സർവകലാശാലകളിൽ ഉറപ്പാക്കുകയാണെന്നും മന്ത്രി നിയമസഭയിൽ പറഞ്ഞു.

**************************************************************

## കെ.എസ്.ആർ.ടി.സി (ഇൻട്രോ)

കാൻസർ ചികിൽസക്കായി യാത്ര ചെയ്യുന്ന രോഗികൾക്ക് കെ.എസ്.ആർ.ടി.സി സൂപ്പർ ഫാസ്റ്റ് മുതൽ താഴോട്ടുള്ള എല്ലാ ബസ്സുകളിലും സൗജന്യ യാത്ര പ്രഖ്യാപിച്ച് മന്ത്രി കെ.ബി ഗണേഷ്കുമാർ. നിയമസഭയിലെ ചോദ്യോത്തര വേളക്കിടെയായിരുന്നു മന്ത്രിയുടെ പ്രഖ്യാപനം. നേരത്തെ കാൻസർ രോഗികൾക്ക് കാൻസർ സെന്ററുകളിലേക്ക് ചികിത്സക്ക് യാത്രചെയ്യാൻ, ഫാസ്റ്റ് പാസ്സഞ്ചർ മുതൽ ഓർഡിനറി ബസ്സുകളിൽ വരെ 50 ശതമാനം സൗജന്യം ഉണ്ടായിരുന്നു. വരുമാനം വർധിക്കുന്ന സാഹചര്യത്തിൽ യാത്രക്കാർക്ക് ഈ നടപടി ഏറെ പ്രയോജകരമായിരിക്കുമെന്നും മന്ത്രി പറഞ്ഞു....

**..........(VOICE)..............**

കഴിഞ്ഞ വർഷത്തെക്കാൾ കെ എസ് ആർ ടി സിയ്ക്ക് ഏകദേശം 26 കോടി രൂപയുടെ വർധനവുണ്ടായി. യാത്രക്കാരുടെ എണ്ണത്തിലും 22 ലക്ഷത്തിലധികം വർധനവുണ്ട്. കെ എസ് ആർ ടി യുടെ വരുമാനം വർധിപ്പിക്കുന്നതിനും നഷ്ടം കുറക്കുന്നതിനുമുള്ള വിവിധ നടപടികൾ സ്വീകരിച്ചു വരുന്നതായും മന്ത്രി കെ ബി ഗണേഷ് കുമാർ സഭയെ അറിയിച്ചു.

**************************************************************

## വി.ഡി.സതീശൻ

നിയമസഭയിൽ പ്രതിപക്ഷം ജനാധിപത്യരീതിയിൽ പ്രതിഷേധം നടത്തിയപ്പോൾ ഭരണപക്ഷത്തു നിന്നുള്ള ചില എം എൽ എ മാർ

PNUTVPM

സഭ്യേതരമായ പരാമർശങ്ങൾ നടത്തിയതായി പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ആരോപിച്ചു. ഇത്തരം പരാമർശങ്ങൾ സ്പീക്കർ കേട്ടു എങ്കിലും ഒരുതരത്തിലും അതിനെ എതിർത്തിരുന്നില്ല എന്നും അദ്ദേഹം പറഞ്ഞു. ശബരിമല വിഷയത്തിൽ സഭാ നടപടികൾ ബഹിഷ്കരിച്ച് പുറത്ത് ഇറങ്ങിയതിന് ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

************************************************************

## മുഖ്യമന്ത്രി - ഡൽഹി

പ്രധാനമന്ത്രി നരേന്ദ്രമോദി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ എന്നിവരുമായി കൂടിക്കാഴ്ച നടത്താൻ മുഖ്യമന്ത്രി പിണറായി വിജയൻ ഡൽഹിയിലെത്തി. ഇന്ന് ശ്രീ.അമിത് ഷായുമായി ചർച്ച നടത്തുന്ന മുഖ്യമന്ത്രി നാളെ പ്രധാനമന്ത്രിയെയും കാണും. മന്ത്രിമാരായ KN ബാലഗോപാൽ, മുഹമ്മദ് റിയാസ്, ചീഫ് സെക്രട്ടറി തുടങ്ങിയവർ മുഖ്യമന്ത്രിക്ക് ഒപ്പമുണ്ട്. വയനാടിന് കൂടുതൽ കേന്ദ്ര സഹായം, കേരളത്തിന് എയിംസ് തുടങ്ങിയ വിഷയങ്ങൾ ചർച്ചയിൽ മുഖ്യമന്ത്രി ഉന്നയിക്കും.

RNU TVPM

************************************************************

## അമീബിക് മസ്തിഷ്ക ജ്വരം

തിരുവനന്തപുരത്ത് വീണ്ടും അമീബിക് മസ്തിഷ്കജ്വരം സ്ഥിരീകരിച്ചു. പാറശ്ശാല പഞ്ചായത്തിലെ സെൽലിംഗ് എന്ന ആളിനാണ് അസുഖം സ്ഥിരീകരിച്ചത്. ജില്ലയിൽ ഇന്നലെ രണ്ട് പേർക്ക് കൂടി അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചിരുന്നു. എല്ലാവരും തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്. ഈ സാഹചര്യത്തിൽ ആരോഗ്യവകുപ്പ്

ജാഗ്രത കർശനമാക്കി. ഇതോടെ തിരുവനന്തപുരം ജില്ലയിൽ 3 ദിവസത്തിനിടെ അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചവരുടെ എണ്ണം 5 ആയി.

************************************************************

## ബയോ കണക്ട് കോൺക്ലേവ്

ലൈഫ് സയൻസ് മേഖലയിൽ കൂടുതൽ നിക്ഷേപവും തൊഴിലവസരവും ഉറപ്പാക്കാനായി വ്യവസായവകുപ്പ് സംഘടിപ്പിക്കുന്ന ബയോ കണക്ട് കോൺക്ലേവ് മൂന്നാം പതിപ്പിന് ഇന്ന് തുടക്കമാകും. മുഖ്യമന്ത്രി പിണറായി വിജയൻ കോൺക്ലേവ് ഉദ്ഘാടനം ചെയ്യും. 200 കോടിയോളം രൂപയുടെ നിക്ഷേപമാണ് കോൺക്ലേവിൽ പ്രതീക്ഷിക്കുന്നത്.

മെഡിക്കൽ ഉപകരണങ്ങൾ, ന്യൂട്രാ സ്യൂട്ടിക്കൽസ്, ആരോഗ്യവും നിർമ്മിത ബുദ്ധിയും, ആയുർവേദം തുടങ്ങിയ മേഖലകളിൽ പ്രത്യേക സെഷനുകൾ കോൺക്ലേവിൽ ഉണ്ടായിരിക്കും.

KNU TVPM

************************************************************

## എക്സ്പ്രസ്- ജോർജ് കുര്യൻ

തിരുവനന്തപുരം സെൻട്രൽ - കണ്ണൂർ ജനശതാബ്ദി എക്സ്പ്രസിന് ചങ്ങനാശ്ശേരിയിൽ ഇനി മുതൽ അധിക സ്റ്റോപ്പ്. കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ ഇന്ന് ചങ്ങനാശ്ശേരിയിൽ ജനശതാബ്ദി ഫ്ലാഗ് ഓഫ് ചെയ്യും.

************************************************************

## കോഴിക്കോട് - ഡോക്ടർ

കോഴിക്കോട് താമരശ്ശേരി ഗവൺമെൻറ് ആശുപത്രിയിൽ ഡോക്ടറെ രോഗിയുടെ ബന്ധു ആക്രമച്ചതിൽ പ്രതിഷേധിച്ച് കെ ജി

എം ഒ എയുടെ നേതൃത്വത്തിൽ ഇന്ന് സർക്കാർ ഡോക്ടർമാർ സംസ്ഥാന വ്യാപകമായി പ്രതിഷേധ ദിനം ആചരിക്കുന്നു. ഡോക്ടർമാർ കോഴിക്കോട് ജില്ലയിലെ സർക്കാർ ആശുപത്രികളിലെ ഒ.പി ബഹിഷ്കരിച്ചു. അത്യാഹിത വിഭാഗം പ്രവർത്തിക്കുന്നുണ്ട്. പരിക്കേറ്റ ഡോക്ടർ വിപിൻ്റെ ആരോഗ്യ നില തൃപ്തികരമാണ്. അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് മരിച്ച 9 വയസ്സുകാരിയുടെ പിതാവാണ് ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന ഡോക്ടറെ ആക്രമിച്ചത്. സംഭവത്തിൽ സനൂപ് എന്നയാളെ പോലീസ് കസ്റ്റഡിയിലെടുത്തു.

*****************************************************************

## മൂന്നാർ - കാട്ടുകൊമ്പൻ (ഇൻട്രോ)

RNU TVPM

മൂന്നാറിലെ കാട്ടുകൊമ്പൻ പടയപ്പക്ക് ക്യാരറ്റും പൈനാപ്പിളും ചോളവും ഒന്നുമല്ല ഇപ്പോൾ പ്രിയം. ഭക്ഷണക്രമം പതിയെ മാറ്റി പിടിച്ചിരിക്കുകയാണ് പടയപ്പ. ഇതോടെ വലിയ ആശങ്കയിലാണ് മൂന്നാർ മേഖലയിലെ വഴിയോരക്കച്ചവടക്കാർ.

വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി **രതീഷ് കൃഷ്ണ......**

**(വോയിസ്)**

*****************************************************************

## വനിതാ ക്രിക്കറ്റ്

ഐസിസി വനിതാ ഏകദിന ക്രിക്കറ്റ് ലോകകപ്പിൽ, ആതിഥേയരായ ഇന്ത്യ ഇന്ന് ദക്ഷിണാഫ്രിക്കയെ നേരിടും. വിശാഖപട്ടണത്തെ വൈ എസ്. രാജശേഖര റെഡ്ഡി സ്റ്റേഡിയത്തിൽ ഉച്ചകഴിഞ്ഞ് 3 മണിക്ക് മത്സരം ആരംഭിക്കും.

*****************************************************************

## ടെസ്റ്റ് ക്രിക്കറ്റ്

ഇന്ത്യ- വെസ്റ്റിൻഡീസ് രണ്ടാം ക്രിക്കറ്റ് ടെസ്റ്റിന് നാളെ ഡൽഹിയിൽ തുടക്കം. അഹമ്മദാബാദിൽ നടന്ന ആദ്യ മത്സരത്തിൽ വൻ വിജയം നേടിയ ടീം ഇന്ത്യ പരമ്പരയിൽ സമ്പൂർണ വിജയമാണ് ലക്ഷ്യമിടുന്നത്.

******************************************************************************

## മഴ

സംസ്ഥാനത്ത് വരുംദിവസങ്ങളിൽ ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് പത്തനംതിട്ട, ഇടുക്കി, മലപ്പുറം, വയനാട്, കണ്ണൂർ ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. കേരള - ലക്ഷദ്വീപ് - കർണാടക തീരങ്ങളിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുള്ളതിനാൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

RJU TVPM

******************************************************************************

## ജി.എസ്.ടി പരിഷ്കാരങ്ങൾ

പുത്തൻ തലമുറ ജി.എസ്.ടി പരിഷ്കാരങ്ങൾ തമിഴ്നാടിന്റെ സമ്പന്നമായ കരകൗശല വ്യാപാര രംഗത്തിന് പുതുജീവൻ നൽകുന്നു. പ്രശസ്തമായ കാഞ്ചീപുരം സിൽക്കിലെ സാരികൾ, വസ്ത്രങ്ങൾ, എംബ്രോയിഡറി, അനുബന്ധ ഉൽപ്പന്നങ്ങൾ തുടങ്ങിയവയുടെ നികുതിനിരക്കുകൾ 12 ശതമാനത്തിൽ നിന്ന് 5 ശതമാനമായാണ് കുറച്ചത്. നികുതി കുറച്ചത് എംഎസ്എംഇകളെ ഗണ്യമായി പിന്തുണയ്ക്കുകയും ആഗോള വിപണികളിൽ കയറ്റുമതി വർദ്ധിപ്പിക്കുകയും ചെയ്യും. മരപ്പണികൾ, പരമ്പരാഗത പാവകൾ, കളിപ്പാട്ടങ്ങൾ

എന്നിവയുടെ നികുതിനിരക്ക് 5 ശതമാനമായി കുറച്ചത് കരകൗശല കുടുംബങ്ങൾക്ക് ഏറെ സഹായകമായി.

***************************************************************

## ഓഹരി- സ്വർണം

ഓഹരി വിപണിയിൽ നേട്ടം. സെൻസെക്സ് 281 പോയിന്റ് ഉയർന്ന് 82,055 ലും, നിഫ്റ്റി 119 പോയിന്റ് ഉയർന്ന് 25,165 ലും വ്യാപാരം പുരോഗമിക്കുന്നു.

സർണവില ഇന്നും വർധിച്ചു. പവന് 160 രൂപ വർധിച്ച് 91,040 രൂപയിലെത്തി. ഗ്രാമിന് 11,380 രൂപയാണ് ഇന്നത്തെ വില.

***************************************************************

***************************************************************

RNU TVPM